➯ ഹരിത ട്രിബ്യൂണലിനെ സമീപിക്കാൻ പറഞ്ഞുകൊണ്ടാണ് ബിൽ മടക്കി അയയ്ച്ചിരിക്കുന്നത് ➯

## പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ

# കേന്ദ്രം ഫെഡറലിസത്തെ വെല്ലുവിളിക്കുന്നു

2011 മാർച്ചിൽ പ്രസിഡന്റിന്റെ അനുമതിക്ക്വേണ്ടി കേന്ദ്രത്തിലേക്ക് അയയ്ച്ച പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ മൂന്ന് വർഷത്തിന് ശേഷം വീണ്ടും കേരളത്തിലേക്ക് തിരിച്ചയച്ചിരിക്കുന്ന കേന്ദ്ര സർക്കാർ നടപടിയിലെ ഭരണഘടനാ ലംഘനങ്ങൾ ചൂണ്ടിക്കാണിക്കുന്നു

**അഡ്വ. സുജിത്ത് കൂനൻ**

**കൊക്കക്കോള** കമ്പനി സൃഷ്ടിച്ച പരിസ്ഥിതി മലിനീകരണത്തിനും ഭൂഗർഭ ജലശോഷണത്തിനും മാരകമായ ഖരമാലിന്യ നിക്ഷേപത്തിനും എതിരായി തുടങ്ങിയ പ്ലാച്ചിമട സമരം ഉന്നയിച്ച പ്രശ്നങ്ങളൊന്നും ഇപ്പോഴും ദൂരീകരിച്ചിട്ടില്ല. ആഗോളീകരണത്തിനെതിരെയുള്ള പൊതുപ്രതിരോധത്തിന്റെ അടയാളമായി മാറിയ ഈ സമരം, അടിസ്ഥാന പ്രകൃതിസ്രോതസ്സുകളുടെ ജനകീയ ഉടമസ്ഥാവകാശത്തെയും തങ്ങൾ കാരണക്കാരായ പരിസര മലിനീകരണത്തോടുള്ള കമ്പനികളുടെ നിർവ്വികാരതയെയും അന്തരാഷ്ട്ര തലത്തിൽ ചർച്ചയാക്കി. കൊക്കക്കോളക്കെതിരായ ഒറ്റപ്പെട്ട സമരമായിരുന്ന പ്ലാച്ചിമടയിലേത്. മെഹ്ദിഗഞ്ചിലും (ഉത്തർപ്രദേശ്) കാലാധേരയിലും (രാജസ്ഥാൻ) സമാനമായ സമരങ്ങൾ തുടരുന്നുണ്ട്. കേരളത്തിലെ പാലക്കാടുള്ള പെപ്സിപ്ലാന്റ് ഉൾപ്പെടെയുള്ള വിഭവ ചൂഷകരായ ഒട്ടനവധി കുപ്പിവെള്ളകമ്പനികൾക്കെതിരെ ജനങ്ങൾ സമരരംഗത്തിറങ്ങാൻ പ്ലാച്ചിമട ഒരു കാരണമായിത്തീർന്നു. പ്ലാച്ചിമടയിൽ കൊക്കക്കോള വരുത്തിയ നാശനഷ്ടങ്ങൾക്ക് കമ്പനിയിൽ നിന്നുതന്നെ നഷ്ടപരിഹാരം ഈടാക്കുന്നതിനായി കേരള സർക്കാർ പാസിക്കയ ഐതിഹാസികമായ പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ (2011) യാഥാർത്ഥ്യമാകുന്നതിനുള്ള സാധ്യതകൾക്ക് മങ്ങലേൽപ്പിച്ചുകൊണ്ട്, കേന്ദ്ര ആഭ്യന്തര മന്ത്രാലയം ബിൽ പ്രസിഡന്റിന് അനുമതിക്കായി കൈമാറാതെ വീണ്ടും കേരളത്തിലേക്ക് മടക്കി അയയ്ച്ചിരിക്കുകയാണ്. നഷ്ടപരിഹാര വിഷയവുമായി ബന്ധപ്പെട്ട് ദേശീയ ഹരിത ട്രിബ്യൂണലിനെ സമീപിക്കാൻ പറഞ്ഞുകൊണ്ടാണ് ബിൽ മടക്കി അയയ്ച്ചിരിക്കുന്നത്. 2011 മാർച്ചിൽ പ്രസിഡന്റിന്റെ അനുമതിക്കായി കേന്ദ്രത്തിലേക്ക് അയയ്ച്ച ബില്ലാണ് മൂന്ന് വർഷത്തിന് ശേഷം വീണ്ടും കേരളത്തിലേക്ക് തിരിച്ചയച്ചിരിക്കുന്നത്.

ഹരിത ട്രിബ്യൂണൽ നിലവിലുണ്ടെന്ന കാരണം പറഞ്ഞ് ബിൽ തിരിച്ച നടപടി കേന്ദ്ര സർക്കാറിന്റെ നിയമപരമായോ അജ്ഞതയും ബിൽ യാഥാർത്ഥ്യമാകുന്നതിനുള്ള താത്പര്യക്കുറവുമാണ് വ്യക്തമാക്കു

➪ സംസ്ഥാന സർക്കാർ അതിനെല്ലാം അപ്പോൾ തന്നെ വ്യക്തമായ മറുപടി നൽകുകയും ചെയ്തതാണ് ➪

ന്നത്. അഞ്ച് വർഷത്തിലേറെ പഴക്കമുള്ള വ്യവഹാരങ്ങളിൽ തീർപ്പുകൽപ്പിക്കാൻ ദേശീയ ഹരിത ട്രിബ്യൂണലിന് അർഹതയില്ലെന്ന് ഹരിത ട്രിബ്യൂണൽ നിയമത്തിലെ വകുപ്പ് 14(3) വളരെ വ്യക്തമായി പ്രതിപാദിപ്പിക്കുന്നുണ്ട്. തക്കതായ കാരണമുണ്ടെങ്കിൽ ആറ് മാസത്തെ ഇളവ് ഇക്കാര്യത്തിൽ അനുവദനീയമാണ്. 2004 ആഗസ്റ്റ് മാസത്തിലാണ് കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശാനുസരണം കൊക്കക്കോള കമ്പനി പ്രവർത്തനം നിർത്തിവയ്ക്കുന്നത്. അതുകൊണ്ടുതന്നെ പ്രസ്തുത പ്രശ്നത്തിന് അഞ്ച് വർഷത്തിലേറെ പഴക്കം എന്തായാലുമുണ്ട് എന്നത് വ്യക്തം. ഈ നിയമവശം പലരും പലതവണ ചൂണ്ടിക്കാണിച്ചിട്ടും കേ

> സംസ്ഥാന സർക്കാറുകളുടെ ഭരണഘടനാപരമായ അധികാരങ്ങളെ ശിഥിമാക്കുന്നതരത്തിലുള്ള കേന്ദ്രസർക്കാറിന്റെ ആധിപത്യ മനോഭാവവും അധികാര ദുർവിനിയോഗവും പൂഞ്ചി കമ്മീഷൻ റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നുണ്ട്. കേന്ദ്രം, സംസ്ഥാനങ്ങൾക്ക് മേൽ നടത്തുന്ന ഇത്തരം കടന്നുകയറ്റങ്ങൾ ഒരു ഭരണഘടനാ ഭേദഗതിയിലൂടെ പരിഹരിക്കേണ്ടുന്നതിന്റെ ആവശ്യകത പൂഞ്ചി കമ്മീഷൻ എടുത്തുപറയുന്നു.

ന്ദ്ര സർക്കാർ ഇതേ കാരണം കാണിച്ച് ബിൽ മടക്കിയയച്ചത് കൊക്കക്കോള സഹായിക്കാനാണെന്ന സംശയത്തിന്റെ ആക്കം കൂട്ടുന്നു. കേന്ദ്രത്തിലെ മറ്റ് പല മന്ത്രാലയങ്ങളും ബില്ലിന് അനുകൂലമായി നിലപാട് സ്വീകരിച്ചിട്ടും ആഭ്യന്തര മന്ത്രാലയം ഇത്തരത്തിലുള്ള നടപടി കൈക്കൊണ്ടതിന് പിന്നിൽ കൊക്കക്കോളയുടെ സ്വാധീനമുണ്ടോ എന്ന് ന്യായമായും സംശയിക്കാം.

കഴിഞ്ഞ യു.പി.എ സർക്കാറിന്റെ കാലത്ത് കൊക്കക്കോളയുടെ അഭിഭാഷകന്റെ വിശകലനങ്ങളും ചോദ്യങ്ങളും അതേപടി കേന്ദ്ര സർക്കാറിന്റെ ചോദ്യങ്ങളായി സംസ്ഥാന സർക്കാറിന് അയച്ചു നൽകിയിരുന്നു. അതിലും ഇതേ തടസ്സവാദം ഉന്നയിക്കപ്പെട്ടു. എന്നാൽ സംസ്ഥാന സർക്കാർ അതിനെല്ലാം അപ്പോൾ തന്നെ വ്യക്തമായ മറുപടി നൽകുകയും ചെയ്തതാണ്. വീണ്ടും കേന്ദ്ര സർക്കാർ കൈക്കൊണ്ടിരിക്കുന്ന ഈ നിലപാട് ഫെഡറൽ സമ്പ്രദായം അഗ്നിപരീക്ഷ നേരിടുന്ന ഒരു അവസ്ഥാവിശേഷത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഒരു സംസ്ഥാന നിയമസഭ ഐകകണ്ഠേന പാസാക്കി അയയ്ച്ച നിയമം പ്രഥമദൃഷ്ട്യാ നിലനിൽക്കുന്നതല്ല എന്ന കാരണം കാണിച്ച് കേന്ദ്രം തിരിച്ചയയ്ക്കുന്നത് ഫെഡറിലസത്തോടുള്ള വെല്ലുവിളിയാണ്.

സെന്റർ–സ്റ്റേറ്റ് ബന്ധങ്ങളെക്കുറിച്ച് പഠിച്ച എം.എം. പൂഞ്ചി കമ്മീഷൻ 2010ൽ സമർപ്പിച്ച റിപ്പോർട്ട് ഈ പശ്ചാത്തലത്തിൽ നമ്മൾ വീണ്ടും ചർച്ച ചെയ്യേണ്ടതാണ്. സംസ്ഥാന സർക്കാറുകളുടെ ഭരണഘടനാപരമായ അധികാരങ്ങളെ ശിഥിമാക്കുന്നതരത്തിലുള്ള കേന്ദ്രസർക്കാറിന്റെ ആധിപത്യ മനോഭാവവും അധികാര ദുർവിനിയോഗവും പൂഞ്ചി കമ്മീഷൻ റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നുണ്ട്. കേന്ദ്രം, സംസ്ഥാനങ്ങൾക്ക് മേൽ നടത്തുന്ന ഇത്തരം കടന്നുകയറ്റങ്ങൾ ഒരു ഭരണഘടനാ ഭേദഗതിയിലൂടെ പരിഹരിക്കേണ്ടുന്നതിന്റെ ആവശ്യകത പൂഞ്ചി കമ്മീഷൻ എടുത്തുപറയുന്നു. ഒരു സംസ്ഥാന നിയമസഭ പാസാക്കിയ നിയമം പ്രസിഡന്റിന്റെ അനുമതിക്കായി അയയ്ക്കുകയാണെങ്കിൽ അതിൻമേൽ തീരുമാനമെടുക്കാനുള്ള സമയപരിധി ആറ് മാസമായി നിജപ്പെടുത്തണമെന്നും കമ്മീഷൻ പറയുന്നു. പൂഞ്ചി കമ്മീഷൻ ശിപാർശകൾക്ക് ഇന്നത്തെ രാഷ്ട്രീയ കാലാവസ്ഥയിൽ ഏറെ പ്രസക്തിയുണ്ടെന്നതിന് തെളിവാണ് പ്ലാച്ചിമട ട്രിബ്യൂണൽ ബില്ലിനോടുള്ള കേന്ദ്ര സമീപനം.

### പ്ലാച്ചിമടയിലെ നിയമയുദ്ധം

പ്ലാച്ചിമടയുടെ നിയമയുദ്ധം തുടങ്ങുന്നത് 2003ൽ ആണ്. കൊക്കക്കൊളയുടെ വെള്ളമൂറ്റൽ നിയന്ത്രിക്കാനുള്ള പഞ്ചായത്തിന്റെ അധികാരത്തെച്ചൊല്ലിയാണ് തർക്കം തുടങ്ങുന്നത്. നിർഭാഗ്യവശാൽ തെളിവുകളെല്ലാമുണ്ടായിട്ടും മലിനീകരണപ്രശ്നം നിയമയുദ്ധത്തിന്റെ ഭാഗമായില്ല. (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പോലുള്ള വ്യവസ്ഥാപിത ശാസ്ത്രാധികാരികൾ കൊക്കക്കോളയുടെ മലിനീകരണത്തെക്കുറിച്ച് എടുത്തു പറഞ്ഞിട്ടുണ്ടെന്നത് ശ്രദ്ധേയം). പ്ലാച്ചിമട കേസ് കേരളാ ഹൈക്കോടതിയുടെ പരിഗണനക്കു വന്നപ്പോൾ, പഞ്ചായത്തിന്റെ അധികാരത്തെ സിംഗിൾ ബെഞ്ച് അനുവദിച്ചുകൊടുക്കുകയുണ്ടായി. പൊതു ഉടമസ്ഥതാ തത്വം (Public Trust Doctrine) ഉ

*➪ സുപ്രീം കോടതി ഇക്കാര്യങ്ങൾ കണക്കിലെടുത്താൽ അത് പ്ലാച്ചിമട സമരത്തിന് വൻ വിജയമാണ് ➪*



ന്നയിച്ചായിരുന്നു ഈ നടപടി. ഈ തത്വം സർക്കാരിനെ നിർണ്ണായക പ്രകൃതി സ്രോതസ്സുകളുടെ സൂക്ഷിപ്പുകാരനാക്കുന്നു. എന്നാൽ 2005ലെ ഒരു ഡിവിഷൻ ബെഞ്ച് വിധി പ്രകാരം ഭൂഗർഭജലം നിയന്ത്രണമില്ലാതെ ഊറ്റിയെടുക്കാമെന്നായി. പ്രസ്തുത വിധി ഇപ്പോഴും സുപ്രീംകോടതിയുടെ അന്തിമ തീർപ്പ് കാത്തിരിക്കുകയാണ്.

ഇക്കാലത്തിനിടെ ഒരുപാടു മാറ്റങ്ങൾ സംഭവിച്ചു. ഒന്നാമതായി വിവിധ സംസ്ഥാനങ്ങളിൽ വ്യത്യസ്തങ്ങളായ ഭൂഗർഭജല നിയമങ്ങളുണ്ടായി. സ്വകാര്യവ്യക്തികളുടെ ജലചൂഷണത്തിനെതിരെ സർക്കാരിനെ അധികാരപ്പെടുത്തുന്നുണ്ട് ഈ നിയമങ്ങൾ. ജലം -സ്ഥലം ഉടമസ്ഥാവകാശത്തിന്റെ ഭാഗമാണെന്ന പരമ്പരാഗത കാഴ്ചപ്പാടിനെ ഇത് അനുകൂലിക്കുന്നില്ല. വ്യക്തികളുടെയും കമ്പനികളുടെയും അനധികൃതമായ ജലചൂഷണത്തിന്റെ പ്രത്യാഘാതങ്ങളായ പരിസ്ഥിതി മനുഷ്യാവകാശ ഘടകങ്ങളെപ്പറ്റി ഈ നിയമം സാധൂകരിക്കുകയും ചെയ്യുന്നു.

കേന്ദ്രസർക്കാർ തലത്തിലെങ്കിലും ജല നിയമങ്ങൾ പുതുക്കുമ്പോൾ മനുഷ്യാവകാശങ്ങളെക്കൂടി ഉൾപ്പെടുത്തുന്നതിൽ ഈ അഭിപ്രായ ഐക്യമുണ്ടായി എന്നുള്ളതാണ് മറ്റൊരുകാര്യം. ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന ജീവിക്കാനുള്ള മൗലികാവകാശത്തിന്റെ ഭാഗം തന്നെയാണ് ജലത്തിനുവേണ്ടിയുള്ള മനുഷ്യന്റെ അവകാശം. കൂടാതെ, കേന്ദ്ര സർക്കാർവൃത്തങ്ങളിൽ ഈയിടെയുണ്ടായിട്ടുള്ള ചില നിയമനിർമ്മാണ നിർദ്ദേശങ്ങളിൽ ഇത്തരം നീക്കങ്ങൾ ഉൾപ്പെടുത്തിക്കാണുന്നുണ്ട്. ഇത് ജലത്തിനായുള്ള മനുഷ്യന്റെ അവകാശങ്ങൾ ഉൾക്കൊള്ളുന്ന പരിഷ്കൃത ജലനിയമത്തിന്റെ അടിസ്ഥാനം കൂടിയാണ്. ഉദാഹരണമായി, ആസൂത്രണകമ്മീഷന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കപ്പെട്ട ഭൂഗർഭജലമാതൃകാ ബിൽ 2010 ലും, 2011ലെ ജലരൂപരേഖാ നിയമത്തിലും ജലത്തെ സംബന്ധിച്ചുള്ള പൗരാവകാശം പരിഗണിച്ചുകാണുന്നുണ്ട്. പ്ലാച്ചിമടക്കേസിൽ സുപ്രീം കോടതി പുറപ്പെടുവിക്കാനിരിക്കുന്ന തീരുമാനങ്ങളിൽ ഇവ എത്രകണ്ട് പ്രതിഫലിക്കുമെന്ന് കണ്ടറിയണം. സുപ്രീം കോടതി ഇക്കാര്യങ്ങൾ കണക്കിലെടുത്താൽ അത് പ്ലാച്ചിമട സമരത്തിന് വൻ വിജയമാണ്. മെഹ്ദിഗഞ്ചിലും കാലാധേരയിലും നടക്കുന്ന കൊക്കക്കോളാ സമരങ്ങളോടുള്ള പ്ലാച്ചിമട ജനതയുടെ സംഭാവനയായിരിക്കും അത്.

പ്ലാച്ചിമട സമരത്തിന്റെ തുടക്കത്തിലുണ്ടായ പ്രധാന വെല്ലുവിളി സർക്കാറിന്റെ പരിഗണന കിട്ടുക എന്നതായിരുന്നു. 'വസ്തുതകൾ' എന്നതിലുപരി 'ആരോപണങ്ങൾ' ആണ് ജനകീയ സമരങ്ങൾ ആദ്യഘട്ടത്തിൽ പലപ്പോഴും ഉന്നയിക്കാറുള്ളത്. ആ വസ്തുതകളെ ഉറപ്പിക്കാൻ ശാസ്ത്രത്തിന്റെയും വിദഗ്ധരുടെയും ഇടപെടൽ ആവശ്യമാണ്. പൊതുസ്ഥാപനങ്ങളും, ജുഡീഷ്യറി പോലുള്ള തീരുമാനമെടുക്കൽ അധികാരികളും, ഈ വസ്തുതകളെ എങ്ങനെ സ്വീകരിക്കുന്നു എന്നത് ശാസ്ത്രീയ വിവരത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്തമായിരിക്കും. ഇത് ജനകീയ സമരങ്ങളുടെ വലിയൊരു കടമ്പയാണ്. പ്ലാച്ചിമട ചരിത്രത്തിലെ ആദ്യ കാലഘട്ടം അത് വ്യക്തമാക്കുന്നുണ്ട്. സമരത്തെ തുടർന്ന് 2003 പെരുമാട്ടി പഞ്ചായത്ത് കൊക്കക്കോളയുടെ ലൈസൻസ് പുതുക്കാൻ വിസമ്മതിച്ചിരുന്നു. കോള അതിനെ കേരള ഹൈക്കോടതിയിൽ എതിർത്തു. കോടതി തദ്ദേശസ്വയംഭരണ വകുപ്പിനോട് അഭിപ്രായമാരാഞ്ഞപ്പോൾ, പ്രശ്നം പഠിക്കാനായി വിദഗ്ധ സംഘത്തെ നിയോഗിക്കാനാണ് വകുപ്പ് പറഞ്ഞത്. ശാസ്ത്രീയ/ വിദഗ്ധ അഭിപ്രായങ്ങളുടെ അഭാവത്തിൽ പഞ്ചായത്തിന്റെ തീരുമാനം നിരാകരിക്കപ്പെടുകയായിരുന്നു.

ഫലത്തിൽ വിദഗ്ധാഭിപ്രായത്തിന്റെ ആവശ്യകത പ്ലാച്ചിമട ജനതയ്ക്ക് അനിവാര്യ

മായി. പണ്ഡിതമതത്തെ അടിസ്ഥാനപ്പെടുത്തി, ജനകീയ സമരങ്ങളിൽ തീരുമാനമെടുക്കുന്ന വ്യവസ്ഥാപിതതത്വം ഇവിടെയും തെളിഞ്ഞുവന്നു. മറ്റ് വിദഗ്ധ സംഘങ്ങളുടെ (ഉദാ: കേരള മലിനീകരണ നിയന്ത്രണ ബോർഡ്, കേന്ദ്ര ഭൂഗർഭ ജല ബോർഡ്)തായി വന്ന റിപ്പോർട്ടുകളും ഈ നടപടിയെ ശരിവെച്ചു. ആയതുകൊണ്ട് ഭൂഗർഭ ജലശോഷണവും മലിനീകരണവും തമ്മിലുള്ള ബന്ധം സ്ഥാപിച്ചെടുക്കുക എന്നത് ജനങ്ങൾക്ക് തക്കതായ നഷ്ടപരിഹാരം നേടിയെടുക്കുന്നതിൽ നിർണ്ണായകമായി.

ജനങ്ങളുടെ സമരങ്ങളോടും സഹനങ്ങളോടുമുള്ള നമ്മുടെ നിയമ-രാഷ്ട്രീയ നിലപാടുകളിലെ ആത്മാർത്ഥതയില്ലായ്മയുമാണ് നീതിക്കുവേണ്ടിയുള്ള പ്ലാച്ചിമടയുടെ നീണ്ട കാത്തിരിപ്പ് വ്യക്തമാക്കുന്നത്. സർക്കാർ സംവിധാനത്തിന്റെ അടിയന്തിര നടപടികൾ പ്ലാച്ചിമടയുടെ കാര്യത്തിൽ ഉടനേ ഉണ്ടാകേണ്ടിയിരിക്കുന്നു. ■

# കേന്ദ്ര നടപടി ഭരണഘടനാ ധ്വംസനം

**എസ്. ഫെയ്സി**

(പ്ലാച്ചിമട ഉന്നതാധികാര സമിതി അംഗം)

**വ്യക്തമായ** ഭരണഘടനാ ധ്വംസനമാണ് പ്ലാച്ചിമട നഷ്ടപരിഹാര ബിൽ തിരി ച്ചയയ്ക്കുക വഴി കേന്ദ്ര ആഭ്യന്തര വകുപ്പ് കാണിച്ചിരിക്കുന്നത്. യു.പി.എ സർക്കാരിന്റെ കാലത്ത് കൊക്കക്കോള സമർപ്പിച്ചിരുന്ന ബഹുരാഷ്ട്ര കമ്പനിയുടെ നിയമോപദേശത്തിന്റെ ആവർത്തനമാണ് ഇപ്പോഴും സംസ്ഥാന സർക്കാരിനോട് ആഭ്യന്തര മന്ത്രാലയം പറഞ്ഞരിക്കുന്നത്. 2010ലെ ദേശീയ ഹരിത ട്രിബ്യൂണൽ ആക്ട്, നഷ്ടപരിഹാരത്തിനുള്ള അപേക്ഷകൾ അഞ്ചുവർഷത്തിനകം-ആറുമാസം ഗ്രേസ് പിരീഡും-സമർപ്പിച്ചിരിക്കണമെന്നാണ് നിർദ്ദേശിക്കുന്നത്. 2000-2004 കാലയളവിലാണ് പ്ലാച്ചിമടയിൽ കമ്പനി ഏറ്റവും നിർണ്ണായകമായ ഭൂഗർജല നഷ്ടവും മലിനപ്പെടുത്തലും ഉണ്ടാക്കിയിട്ടുള്ളത്. ഹരിത ട്രിബ്യൂണൽ നിയമം പ്രാബല്യത്തിൽ വരുന്നതിനും എത്രയോ മുമ്പാണത്. അതുകൊണ്ട് പ്ലാച്ചിമട തക്കപരിഹാരത്തിന് ഈ നിയമം പര്യാപ്തമല്ല. നമ്മുടെ നിയമ നിർമ്മാണ സഭയിലും ഈ ബിൽ ഏകകണ്ഠേന പാസ്സാക്കപ്പെടുന്നത് അങ്ങനെയാണ്. സംസ്ഥാന സർക്കാരിനെ മന:പൂർവ്വം തെറ്റിദ്ധരിപ്പിക്കുന്നതിന് ആഭ്യന്തരമന്ത്രാലയത്തെയും അവരുടെ നിയമോപദേഷ്ടാക്കളെയും ശിക്ഷിക്കേണ്ടതാണ്.

ദേശളീയ ഹരിത ട്രിബ്യൂണൽ നിയമവും പ്ലാച്ചിമട ബില്ലും തമ്മിൽ യാതൊരു വൈപരീത്യവുമില്ല. ആഭ്യന്തര മന്ത്രാലയമാകട്ടെ, ആരോഗ്യം, കൃഷി, തൊഴിൽ( നഷ്ടം), മൃഗപരിപാലനം, ഭൂഗർജലം, തുടങ്ങിയ മേഖലകളിലെ നാശനഷ്ടങ്ങൾ വിലയിരുത്താനുള്ള നിയമഭേദഗതി നടത്താൻ സംസ്ഥാന നിയമസഭയ്ക്ക് അധികാരമില്ലെന്ന കൊക്കക്കോള കമ്പനിയുടെ അതേ വാദം ആവർത്തിക്കുക മാത്രമാണ് ചെയ്യുന്നത്. ഈ പറഞ്ഞ മേഖലകളെല്ലാം സ്റ്റേറ്റ് ലിസ്റ്റിൽ ഉൾപ്പെടുത്തിയതായിരിക്കെ (ഏഴാം ഷെഡ്യൂൾ), കേന്ദ്ര സംസ്ഥാന ബന്ധങ്ങളാണ് ഇവിടെ ചോദ്യം ചെയ്യപ്പെടുന്നത്. ആർട്ടിക്കിൾ 253, 246 എന്നിവയിൽ പറയുന്ന കേന്ദ്ര അധികാരങ്ങളെ ഒരു തരത്തിലും ഖണ്ഡിക്കുന്നതല്ല ഈ ബിൽ. ആർട്ടിക്കിൾ 211 ലംഘിക്കപ്പെടുമ്പോൾ സംസ്ഥാനം സ്വീകരിക്കേണ്ട ഭരണഘടനാ ഉത്തരവാദിത്തങ്ങളിൽ നിന്നുമാണ് പ്രസ്തുത ബിൽ സംജാതമാകുന്നത്. യാതൊരു വിധത്തിലുള്ള അന്താരാഷ്ട്ര പ്രഖ്യാപനങ്ങളെയും അത് അലോസരപ്പെടുത്തുന്നുമില്ല. ബില്ലിനോടുള്ള അഭിപ്രായത്തെക്കുറിച്ച് നിയമകാര്യവകുപ്പിനോടും സോളിസിറ്റർ ജനറലിനോടും ആഭ്യന്തര മന്ത്രാലയം ചോദിക്കുമ്പോൾതന്നെ, ഏറെക്കാലമായി ബില്ലിനെ പിന്തുണയ്ക്കുന്ന മറ്റ് മന്ത്രാലയങ്ങളെ തന്ത്രപൂർവ്വം അവഗണിക്കുകയാണ്. കൃഷിമന്ത്രാലയം, ഗ്രാമവികസന വകുപ്പ്, ജലവിഭവവകുപ്പ്, ഭക്ഷ്യസംസ്കരണ വ്യവസായ വകുപ്പ്, നിയമവകുപ്പിനു കീഴിലുള്ള നീതിന്യായ മന്ത്രാലയം എന്നിയാണ് ആ വകുപ്പുകൾ. (അവരുടെയൊക്കെ സമ്മതപത്രങ്ങളുടെ പകർപ്പുകൾ ലഭ്യമാണ്). ശക്തനായ അമേരിക്കൻ കമ്പനിയോടുള്ള ദാസ്യ മനോഭാവമാണ് ഇതിന് പിന്നിലെന്ന് വളരെ വ്യക്തം. അമേരിക്കൻ പ്രസിഡന്റിന്റെ സന്ദർശന സന്ദർഭത്തിൽ പ്രത്യേകിച്ചും.

കേന്ദ്രത്തിന്റെ നിർദ്ദേശത്തെ തീർത്തും നിരാകരിക്കാനും ബില്ലിന്റെ വിജയത്തിനായി ജനാധിപത്യസമൂഹത്തിലെ മുഴുവൻ രാഷ്ട്രീയ ശക്തികളേയും മുന്നോട്ടുകൊണ്ടുവരാനും സംസ്ഥാന സർക്കാർ മുൻകൈയെടുക്കണം. കേന്ദ്രം, ഇനിയും ബിൽ പാസ്സാക്കാൻ സമയം നീട്ടിക്കൊണ്ടുപോകുയാണെങ്കിൽ, സംസ്ഥാന നിയമസഭയ്ക്ക് നിയമനടപടികൾ തുടങ്ങുന്നതിനായി ബിൽ പ്രത്യേകം പാസ്സാക്കിയെടുക്കാവുന്നതാണ്.

മലിനീകരണ നിയന്ത്രണ ബോർഡ് 2007ൽ തന്നെ, അപകടകരമായ മാലിന്യങ്ങൾ (നിർവ്വഹണവും കൈകാര്യം ചെയ്യലും) എന്ന നിയമപ്രകാരം കാരണം കാണിക്കൽ നോട്ടീസ് കൊക്കക്കോള കമ്പനിക്ക് കൊടുത്തിട്ടുള്ളതുകൊണ്ട് അവർക്കെതിരെ ക്രിമിനൽ നടപടികൾ സ്വീകരിക്കാൻ ഇനിയും വൈകരുത്. പ്ലാച്ചിമട ഉന്നതാധികാര സമിതി ചൂണ്ടിക്കാട്ടിയ പ്രകാരം, പട്ടികജാതി പട്ടികവർക്ഷ (ദ്രോഹ പരിരക്ഷ) നിയമത്തിൻ കീഴിൽ കമ്പനിക്കെതിരെ കേസ് രജിസ്റ്റർ ചെയ്യാൻ സംസ്ഥാന സർക്കാർ വൈകുന്നതിൽ യാതൊരു ന്യായീകരണവുമില്ല.